# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 255 | 01.12.2014-ൽ മറുപടിയ്ക്ക്

## ഹോസ്ദുർഗ്ഗ് ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ മരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷ് ദുരൂഹസാഹചര്യത്തിൽ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) & (സി) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹോസ്ദുർഗ് പരിധിയിൽപ്പെട്ട ഹോസ്ദുർഗ് കടപ്പുറത്തെ സുരേഷ് എന്ന ആളുടെ മകൻ 15 വയസ്സുള്ള അഭിലാഷ് എന്ന കുട്ടി 14.11.14-ാം തീയതി സ്കൂൾ വിട്ട് രാത്രി വരെ വീട്ടിലെത്തിയില്ല എന്ന കാര്യത്തിന് കുട്ടിയുടെ ബന്ധു രാജേഷ് എന്നയാൾ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ എത്തി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നം 1188/2014 u/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 15.11.14-ാം തീയതി രാവിലെ 6.45 മണിയോടെ ടി അഭിലാഷ് എന്ന കുട്ടിയുടെ മൃതദേഹം ഹോസ്ദുർഗ് കുശാൽനഗർ പോളീടെക്നിക്കിന് അടുത്തുള്ള ഉപയോഗ ശൂന്യമായ വെള്ളക്കെട്ടിൽ കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ സെക്ഷൻ 302 r/w 34 IPC ആയി Alter ചെയ്ത് ഹോസ്ദുർഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ അന്വേഷണമധ്യേ മരണപ്പെട്ട അഭിലാഷിനെ സഹപാഠികളായ രണ്ടു കുട്ടികൾ ചേർന്ന് |
| (സി) | കേസ് അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

കൊലപ്പെടുത്തിയതാണെന്ന്
വെളിവായിട്ടുള്ളതും ടിയാൻമാരെ
നിയമാനുസരണം കസ്റ്റഡിയിൽ എടുത്ത്
ജൂവനൈൽ ജസ്റ്റിസ് ബോർഡു മുമ്പാകെ
ഹാജരാക്കിയിട്ടുള്ളതും പ്രതികളായ
കുട്ടികളെ ജൂവനൈൽ ഹോമിൽ
പാർപ്പിച്ച് വരുന്നതുമാണ്. 25.11.2014
ന് ടി കേസ് ക്രൈംബ്രാഞ്ചിനു
കൈമാറുന്നതിനു സർക്കാർ
ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ